III. ശ്രദ്ധക്ഷണിക്കൽ

(1) ഇ.എഫ്.എൽ. പരിധിയിൽ നിന്നൊഴിവാക്കിയ കർഷകരുടെ നടപടി

ശ്രീ. റോഷി അഗസ്റ്റിൻ: സർ, മലബാറിലെ സ്വകാര്യഭൂമി കൃഷിഭൂമിയാണെന്നും കൃഷി ചെയ്യാതെ കിടക്കുന്ന ഭൂമി ഏറ്റെടുത്ത് കർഷകർക്ക് കാർഷികാവശ്യത്തിനായി പതിച്ച് നൽകണമെന്നും കേരള ഹൈക്കോടതി ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായ ബഞ്ച് സർക്കാരിനോട് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 1971-ലെ കേരള സ്വകാര്യ വനഭൂമി നിക്ഷിപ്തമാക്കലും പതിച്ചുനൽകലും ആക്ട് നിയമസഭ പാസാക്കി ഭരണഘടനയുടെ 9-ാം പട്ടികയിൽ ചേർക്കുകയുണ്ടായി. ടി നിയമമനുസരിച്ച് കശുമാവ് ഉൾപ്പെടെയുള്ള എല്ലാ തോട്ടവിളകളും കുരുമുളക്, തെങ്ങ്, കവുങ്ങ് തുടങ്ങിയ ദീർഘവിളകളും വയൽ പ്രദേശങ്ങളും ഭൂപരിഷ്ക്കരണ നിയമമനുസരിച്ച് ഒഴിവാക്കപ്പെട്ട ഭൂമികളും ഒഴികെയുള്ള ഭൂമിയാണ് സർക്കാരിൽ നിക്ഷിപ്തമാക്കുന്നത്. ഏതെങ്കിലും ഭൂമി സർക്കാരിൽ നിക്ഷിപ്തമാണോ അല്ലയോ എന്ന് തർക്കമുന്നയിക്കുന്നപക്ഷം അത് അന്വേഷണവിധേയമാക്കാൻ ട്രൈബ്യൂണലും അതിനുമുകളിൽ ബഹുമാനപ്പെട്ട ഹൈക്കോടതിക്കും സുപ്രീം കോടതിക്കും അധികാരം നൽകിയിരുന്നു. ഈ നിയമമനുസരിച്ച് സർക്കാരിലേയ്ക്ക് 190761.935 ഹെക്ടർ സ്വകാര്യ വനഭൂമി നിക്ഷിപ്തമാക്കി. എന്നാൽ ഒരു സെന്റ് ഭൂമിപോലും ടി നിയമമനുസരിച്ച് കർഷകർക്കും കർഷത്തൊഴിലാളികൾക്കും കാർഷികാവശ്യത്തിന് പതിച്ച് നൽകിയിട്ടില്ല. എന്നാൽ ടി നിയമനുസരിച്ച ഭൂവുടമകൾ നിയമാനുസൃത വ്യവസ്ഥകളിലൂടെ അവർക്ക് ലഭിച്ച ഭൂമി വീണ്ടും ഏറ്റെടുക്കുന്നതിന് ഇ.എഫ്.എൽ. ഓർഡിനൻസ് 2000-ൽ ഇടതു സർക്കാർ കൊണ്ടു

വന്നു. സ്വകാര്യ വ്യക്തികൾക്ക് അനുകൂലമായി വിധിയുണ്ടാവുകയും 4500 ഓളം ഹെക്ടർ സ്ഥലം വിട്ടുകൊടുക്കുകയും ചെയ്തിട്ടുണ്ടെന്നും 1015 കേസുകളിലായി 5100–ഓളം ഹെക്ടർ ഭൂമി വിട്ടുകൊടുക്കാനുണ്ടെന്നുമാണ് പ്രസ്തുത ഓർഡിനൻസ് അംഗീകരിച്ച മന്ത്രിസഭാക്കുറിപ്പിൽ പറയുന്നത്. വനം നിയമത്തെ ദുർവ്യാഖ്യാനം ചെയ്തും കോടതിയെ തെറ്റിദ്ധരിപ്പിച്ചുമാണ് സ്വകാര്യവ്യക്തികൾ കോടതി വിധി സമ്പാദിച്ചതെന്നും അത് തിരിച്ചെടുക്കാനാണ് ഈ ഓർഡിനൻസ് എന്നാണ് ഇതിൽ പറയുന്നത്. ടി ഓർഡിനൻസിൽ ഏലം, കാപ്പി എന്നിവ കൃഷിചെയ്ത ഭൂപ്രദേശമൊഴികെ ബാക്കി എല്ലാ പ്രദേശവും ഇ.എഫ്.എൽ. ആയി പ്രഖ്യാപിച്ചു. ടി ഓർഡിനൻസ് പ്രാബല്യത്തിൽവന്ന ഉടനെ 1971–ലെ സ്വകാര്യ വനഭൂമി ആക്ടിൽ വിട്ടുകൊടുത്ത എല്ലാ ഭൂമികളുടേയും സർവ്വേ നമ്പർ ഇ.എഫ്.എൽ. ആയി പ്രഖ്യാപിച്ച് വനം വകുപ്പ് നോട്ടിഫൈ ചെയ്തു. ആ സ്ഥലം വളരെ ശ്രദ്ധേയമാണ്. സർക്കാരിൽ നിന്നും ഭൂമി പതിച്ചുകിട്ടിയവർ, ആദിവാസി കോളനികൾ, മൂന്ന് സെന്റുമുതൽ അഞ്ച് സെന്റുവരെയുള്ള സ്ഥലത്ത് വീടുവച്ച് താമസിക്കുന്നവർ, നാളിതുവരെ വനംവകുപ്പുമായി യാതൊരു കേസിലുമുൾപ്പെടാത്തവർ, അനേകം ചെറുകിട നാമമാത്ര കർഷകർ തുടങ്ങിയവരാണ് ഭൂരഹിതരായി മാറിയത്. ഈ സാഹചര്യത്തിലാണ് നോട്ടിഫൈ ചെയ്ത സ്ഥലങ്ങൾ സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കാൻ നടപടി സ്വീകരിച്ചത്. നോട്ടിഫൈ ചെയ്ത സ്ഥലങ്ങളെല്ലാം നാണ്യവിളകളും ദീർഘകാലവിളകളും കർഷകരുടെ വാസസ്ഥലവും സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളാണ്. മേൽപ്പടി ഓർഡിനൻസിന് പകരമായി 2003–ൽ കേരള നിയമസഭ പാസാക്കിയ 2003–ലെ കേരള വനം–പരിസ്ഥിതി ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകൃത്യവും ആക്ട് അനുസരിച്ച്

എല്ലാ തോട്ടവിളകളും ദീർഘകാലവിളകളും കൃഷിചെയ്യുന്ന സ്ഥലവും അവരുടെ വാസസ്ഥലവും ഇ.എഫ്.എൽ.–ൽ നിന്നും ഒഴിവാക്കി. ടി. ആക്ടിലെ 19(3) അനുസരിച്ച് നേരത്തേ പുറപ്പെടുവിച്ച നോട്ടിഫിക്കേഷനിൽ നിന്ന് ഈ സ്ഥലങ്ങളെ ഒഴിവാക്കാനും വ്യവസ്ഥ ചെയ്യുന്നു. ഈ നിയമ ത്തിലെ 10–ാം വകുപ്പനുസരിച്ച് ഏതെങ്കിലും ഭൂമി പരിസ്ഥിതി ദുർബലപ്രദേശ മാണോ അല്ലയോ എന്ന തർക്കമുണ്ടാകുന്നപക്ഷം ആക്ടിന്റെ പ്രാരംഭ തീയതി മുതൽ 5 വർഷത്തിനകം ട്രൈബ്യൂണലിൽ പരാതികൊടുക്കാൻ വ്യവസ്ഥയുണ്ട്. എന്നാൽ ഈ ആക്ട് പ്രാബല്യത്തിൽ വരുന്നത് 2.6.2000 ലാണ്. പ്രസിഡന്റിന്റെ അനുമതി വാങ്ങി ആക്ട് ഗസറ്റിൽ പ്രസിദ്ധീകരിച്ചത് 08-06-2005–ലാണ് അതായത് ഈ നിയമം പ്രാബല്യത്തിൽവന്ന് 5 വർഷത്തി നുശേഷമാണ് നിയമം പ്രസിദ്ധീകരിച്ചത്. അതിനുശേഷമാണ് ട്രൈബ്യൂണൽ രൂപീകരിച്ചത്. അതുകൊണ്ട് യാതൊരുവിധതർക്കവും ട്രൈബ്യൂണലിൽ കൊടുക്കാൻ കർഷകർക്ക് അവസരം കിട്ടിയിട്ടില്ല. ആക്ടിലെ വ്യവസ്ഥയ നുസരിച്ച് ഇ.എഫ്.എൽ.–ന്റെ പരിധിയിൽവരാത്ത ഭൂമി നാളിതുവരെ ഒഴിവാക്കി നോട്ടിഫൈ ചെയ്തിട്ടില്ല. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് രണ്ട് ഹെക്ടർ ഭൂമിവരെ ഉടമസ്ഥർക്ക് വിട്ടു കൊടുക്കാൻ നിയമമുണ്ടാക്കിയെങ്കിലും യാതൊന്നും ചെയ്തില്ല. അതിനെ ക്കുറിച്ച് അന്നത്തെ വനം വകുപ്പുമന്ത്രി നടത്തിയ സ്റ്റേറ്റ്മെന്റ് വളരെ ശ്രദ്ധേയ മാണ്. 2000 ഏപ്രിൽ 10 മുതൽ പരിസ്ഥിതി ദുർബലപ്രദേശമായി നോട്ടിഫൈ ചെയ്തിട്ടുള്ളത് 988 തുണ്ടുകളിലായി കിടക്കുന്ന ഭൂമിയാണ്. അതിൽ 5 ഏക്കറിൽ താഴെ വരുന്നത് 442 തുണ്ടുകളിലായി കിടക്കുന്ന ഭൂമിയാണ്. അതായത് പകുതിയോളം തുണ്ടുകളും പാവപ്പെട്ട കർഷകരുടേതാണ്.

അവരുടെ പ്രശ്നം പരിഹരിക്കുന്നതിനാണ് ഞങ്ങൾ ശ്രമിക്കുന്നതെന്ന് ശ്രീ. ബിനോയ് വിശ്വം അന്ന് പറഞ്ഞത് ഈ അവസരത്തിൽ ഞാൻ സൂചിപ്പിക്കുന്നു. അങ്ങനെയാണെങ്കിൽപ്പോലും അന്ന് ആ ഭൂമി വിട്ടു കൊടുക്കാൻ അവർക്ക് സാധിച്ചില്ലെന്നുള്ളതും ഈ അവസരത്തിൽ ശ്രദ്ധേയമായി പറയേണ്ടിയിരിക്കുന്നു. ഈ സർക്കാർ വന്നശേഷം ഇതേ തീരുമാനം തന്നെ വീണ്ടും ആവർത്തിച്ചു. മാത്രമല്ല, ഈ ഗവൺമെന്റിന്റെ ആദ്യ ബഡ്ജറ്റിൽ തന്നെ ഇത് പരാമർശിക്കുകയുണ്ടായി. ഈ ഭൂമിയെല്ലാം റിസർവ്വ് വനമാണെന്ന് നിയമത്തിൽ വ്യവസ്ഥയുള്ളതിനാൽ കൊടുക്കാൻ പാടില്ലെന്നാണ് വനംവകുപ്പിന്റെ ഭാഷ്യം. ശ്രീ. ബിനോയ് വിശ്വം 2009–ൽ ഈ ഇഷ്യൂവുമായി ബന്ധപ്പെട്ട വിഷയം ഉന്നയിക്കുമ്പോൾ അന്ന് റിസർവ്വ് ഫോറസ്റ്റിന്റെ പരിഗണനയിൽ വരുന്നതല്ലേ എന്ന ചോദ്യം ഉന്നയിക്കുമ്പോഴും ഈ വിഷയത്തിൽ അത് ബാധകമല്ല 2005–ൽ പ്രസിഡന്റിന്റെ അസന്റ് കിട്ടിയതോടുകൂടി നിയമപ്രാബല്യം വന്നുവെന്നുള്ള തുകൊണ്ട് ആ നിലയിലാണ് അതിനെ കാണേണ്ടതായിട്ടുള്ളത്. ഇത് മലയോര കർഷകരുടെ മാത്രമല്ല, ഇ.എഫ്.എൽ. പീഡിതകർഷകരുടെ മുഴുവൻ കുടുംബങ്ങളുടേയും ദു:ഖമാണ് ഇവിടെ അവതരിപ്പിക്കുന്നത്. ഇതിന്റെ പ്രത്യാഘാതം ചെറുതല്ല. ഞാൻ ഓർക്കുന്നു, കസ്തൂരി രംഗൻ റിപ്പോർട്ട് കേരളത്തിൽ നടപ്പാക്കുന്നതുസംബന്ധിച്ച് നോട്ടിഫിക്കേഷൻ വന്നപ്പോൾ കർഷകരുടെ പ്രതിഷേധം കണ്ടതാണ്. 43 വർഷമായി കർഷകർ അവരുടെ ഭൂമിക്കുവേണ്ടി സർക്കാരുമായി നിയമയുദ്ധം നടത്തുകയാണ്. കാർഷിക പരിഷ്ക്കരണത്തിനുവേണ്ടി കൊണ്ടുവന്ന ഈ നിയമം കർഷകർക്കെതിരെ ആയുധമാക്കി ഉപയോഗിക്കരുത്. ഈ നിയമയുദ്ധം അവസാനിപ്പിച്ച്

ചെറുകിട നാമമാത്ര കർഷകർക്ക് അവകാശപ്പെട്ട ഭൂമി വിട്ടുകൊടുക്കുന്നതിനുവേണ്ടിയുള്ള നടപടിയാണ് ഇവിടെ സ്വീകരിക്കേണ്ടത്, അതനുസരിച്ച് ഇന്ന് നടത്തിക്കൊണ്ടിരിക്കുന്ന നടപടി 2000-ലെ ഓർഡിനൻസിന്റെ മറവിൽ ഇന്നും പല പ്രദേശത്തും വനംവകുപ്പുദ്യോഗസ്ഥർ ഇ.എഫ്.എൽ. നോട്ടിഫൈ ചെയ്യുന്ന നടപടി തുടർന്നുവരുന്നു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഇത്തരം കാര്യങ്ങളിൽ തീരുമാനമെടുക്കാൻ സ്ഥലം എം.എൽ.എ.-യും ഡി.എഫ്.ഒ.-യും ഉള്ള സമിതിയെ ചുമതലപ്പെടുത്തുകയും അവർ സ്ഥലം പരിശോധിക്കുകയും അവരുടെ അറിവോടുകൂടി മാത്രമേ നോട്ടിഫൈ ചെയ്യാവൂ എന്ന നിർദ്ദേശം ഉണ്ടായിരിന്നിട്ടുപോലും ഇപ്പോഴും ഈ നടപടി തുടരുന്നത് ഏറെ ആശങ്കാജനകമാണ്. അത്യന്തം ഗുരുതരമേറിയ വിഷയം അനുഭാവപൂർവ്വം പരിഗണിച്ച് പാവപ്പെട്ട നാമമാത്ര കർഷകർക്ക് ഇക്കാര്യത്തിൽ സഹായം കൊടുക്കുവാൻ ഈ ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് ഈ ശ്രദ്ധക്ഷണിക്കലിലൂടെ അവതരിപ്പിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. റോഷി അഗസ്റ്റിൻ വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നത്. ഇ.എഫ്.എൽ. നിയമം നിലവിൽ വന്നത് 02-06-2000-ലാണ്. 1112 ബീറ്റുകളിലായി 14910.48 ഹെക്ടർ ഭൂമി ഈ നിയമപ്രകാരം ഇ.എഫ്.എൽ. ആയി വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഈ നിയമത്തിനുള്ള പ്രധാന പോരായ്മ നഷ്ടപരിഹാരം കൊടുക്കാതെയാണ് ഇത് ഏറ്റെടുത്തിട്ടുള്ളത് പട്ടയമുള്ള, അവകാശമുള്ള ഭൂമി ഏറ്റെടുക്കുമ്പോൾ നഷ്ടപരിഹാരം

കൊടുക്കാനുള്ള ധാർമ്മികമായും നിയമപരമായിട്ടുള്ള ബാദ്ധ്യത ഗവൺമെന്റിനുണ്ട്. പ്രത്യേകിച്ച് ചെറുകിടക്കാർക്ക്, അന്ന് ഇതൊന്നും നോക്കിയിരുന്നില്ല. അതായിരുന്നു ഈ നിയമത്തിന്റെ ഏറ്റവും വലിയ പോരായ്മ. 2009-ൽ ഒരു കമ്മിറ്റി പരിശോധിച്ച് പരിഹാരം കണ്ടെത്തുന്നതിനായി ഇ.എഫ്.എൽ. നിയമത്തിൽ 10(a) എന്ന ഒരു വകുപ്പ് കൂട്ടിച്ചേർത്ത് ഭേദഗതി ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ചെറുകിടക്കാർക്ക് നഷ്ട പരിഹാരമോ അല്ലെങ്കിൽ ഭൂമി തിരിച്ചുകൊടുക്കുകയോ ചെയ്യാം. ഇതനുസരിച്ച് 320.6078 ഹെക്ടർ സ്ഥലം ഇ.എഫ്.എൽ. പരിധിയിൽനിന്നും ഒഴിവാക്കാൻ തീരുമാനിച്ചു. 10(a) പ്രകാരം അനുവദിച്ചിരുന്ന 6 മാസക്കാല പരിധിക്കുള്ളിൽ എല്ലാ ചെറുകിട കർഷകർക്കും അപേക്ഷ നൽകാൻ സാധിച്ചില്ല. ആയതിനാൽ ഇവർക്ക് വീണ്ടും ഒരവസരംകൂടി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഇക്കാര്യം സംബന്ധിച്ച് ഉടനെ തന്നെ തീരുമാനമെടുക്കുന്നതാണ്. ഭൂമി നഷ്ടപ്പെട്ട ഉടമസ്ഥർക്ക് 2 ഹെക്ടർ വരെയുള്ള സ്ഥലത്തിന് നഷ്ടപരിഹാരം നൽകുവാൻ കഴിയുമോ എന്നുള്ള കാര്യവും സർക്കാർ പരിശോധിച്ചുവരുന്നു. ഇ.എഫ്.എൽ. നിയമപ്രകാരം രൂപവൽക്കരിച്ച ട്രൈബ്യൂണലിൽ കേസ് ഫയൽ ചെയ്യുന്നതിനുള്ള 5 വർഷക്കാലാവധി നീട്ടണമെന്നുള്ള ആവശ്യവും ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ട്. പരിശോധിച്ചശേഷം മാത്രമേ അതുസംബന്ധിച്ച് ഒരു തീരുമാനം പറയാൻ സാധിക്കുകയുള്ളൂ. ഏതായാലും ഇ.എഫ്.എൽ. നിയമം കർഷകർക്ക് ദോഷകരമാകാതിരിക്കാൻ ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കുമെന്ന് പറയാൻ ഈ അവസരം വിനിയോഗിക്കുന്നു.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, ഇനി ഇ.എഫ്.എൽ. ആയി നോട്ടിഫൈ ചെയ്യുന്നുണ്ടെങ്കിൽ അത് എം.എൽ.എ.-യും കൃഷി ആഫീസറും ഡി.എഫ്.ഒ.-യും ഉൾപ്പെടെയുള്ളവർ സ്ഥലം പരിശോധിച്ചതിനുശേഷം മാത്രമേ ചെയ്യാവൂ എന്ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനം കൈക്കൊണ്ടിട്ടും 2014 ജനുവരിയിൽ 1000-ൽ പരം ഏക്കർ ഭൂമി ഇ.എഫ്.എൽ. ആയി നോട്ടിഫൈ ചെയ്തിട്ടുണ്ട്. ഇതിൽ 3 മുതൽ 5 സെന്റ് വരെയുള്ളവരുടെ ഭൂമിയുണ്ട്. അത്തരം കാര്യങ്ങളെ സംബന്ധിച്ച് കാര്യക്ഷമമായി അന്വേഷിക്കാൻ ആവശ്യമായ നിർദ്ദേശവും നടപടിയും ഉണ്ടാകുമോ?

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടനെ തന്നെ ഈ പ്രദേശത്തെ ജനപ്രതി നിധികളെ വിളിച്ചുകൂട്ടി വനം, റവന്യൂ വകുപ്പുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ഇത് ചർച്ചചെയ്തതിന്റെ അടിസ്ഥാനത്തിൽ പുതിയതായി ഇ.എഫ്.എൽ. കൊണ്ടുവരുന്നതിന് ചില നിയന്ത്രണങ്ങൾ വച്ചു. അതിന് വ്യത്യസ്ഥമായി മുമ്പ് എവിടെയെങ്കിലുമുണ്ടായിരുന്നെങ്കിൽ അത് ശ്രദ്ധയിൽപ്പെടുത്തിയാൽ അതുസംബന്ധിച്ച നടപടി സ്വീകരിക്കും. വനം വകുപ്പുമന്ത്രി അതു സംബന്ധിച്ച് സംസാരിക്കും.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരത്തെ പറഞ്ഞതുപ്പോലെ ഈ നിയമത്തിനകത്ത് ഒരു ഭേദഗതി വേണം. ആ ഭേദഗതി വരുത്തുന്നതിന് ഡ്രാഫ്റ്റ് ഉണ്ടാക്കി നിയമ വകുപ്പിൽ കൊടുത്തിട്ടുണ്ട്. ആ ഡ്രാഫ്റ്റ് പ്രോസ്സസ് ചെയ്തുകൊണ്ടിരിക്കുക

യാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ ഗവൺമെന്റ് ഇതിൽ പ്രാക്ടിക്കലായ പരിഹാരം ഉണ്ടാക്കുന്നതിനുള്ള പരിശ്രമത്തിലാണ്. അതു കൂടി ബെറ്റ് ചെയ്തുകിട്ടിയാലുടൻ ബാക്കി നടപടിയിലേയ്ക്ക് പോകാം

## (2) പുലിമുട്ട് നിർമ്മാണം

ശ്രീ. സി. കെ. നാണു: സർ, വർഷന്തോറും മഴക്കാലത്തും അല്ലാത്ത അവസരങ്ങളിലും കേരളത്തിന്റെ വിവിധ കടലോരങ്ങളിൽ കടൽക്ഷോഭം ഉണ്ടായിക്കൊണ്ടിരിക്കുന്നു. കടൽഭിത്തി തകർന്ന് കടലോരത്ത് താമസിക്കു ന്നവർ താമസം മാറ്റിപ്പോകേണ്ട രീതിയിൽ ഭീതിജനകമായ അന്തരീക്ഷമാണ് നിലനിൽക്കുന്നത്. ഹാർബറിൽനിന്ന് മത്സ്യം വിവിധ ഭാഗങ്ങളിലേക്ക് എത്തിക്കുന്ന തീരദേശറോഡുകൾ തകർന്നുകൊണ്ടിരിക്കുകയാണ്. ഈ റോഡുകൾ എല്ലാം കടലാക്രമണത്തോടുകൂടി പല ഭാഗത്തും തകർന്നു തരിപ്പണമായിപ്പോകുന്നു. മഴ രൂക്ഷമല്ലെങ്കിലും കോഴിക്കോട് ജില്ലയിലെ വിവിധ ഭാഗങ്ങളിൽ കടലാക്രമണം അതിരൂക്ഷമായി ഉണ്ടായിക്കൊണ്ടിരിക്കു കയാണ്. കഴിഞ്ഞ ശനി, ഞായർ ദിവസങ്ങളിൽ ഞാനും കൊയിലാണ്ടി എം.എൽ.എ. ആയ ശ്രീ. കെ. ദാസനും ഞങ്ങളുടെ നിയോജകമണ്ഡല ത്തിന്റെ വിവിധ കടലോരങ്ങളിൽ കടൽക്ഷോഭത്തിന്റെ ഗൗരവം കാണാൻ കടലോരത്ത് താമസിക്കുന്നവരോടൊപ്പം പോയതാണ്. ഇതിന് ഫലപ്രദമായ പരിഹാരം കാണാൻ നമുക്ക് ഇതുവരെ സാധിക്കുന്നില്ല. കടൽഭിത്തിയെ ക്കാൾ പുലിമുട്ടാണ് കടൽക്ഷോഭത്തിൽനിന്ന് രക്ഷനേടാൻ കൂടുതൽ ഫല പ്രദമെന്ന് വിലയിരുത്തൽ ഉണ്ടായിട്ടുണ്ട്. എന്നാൽ അത് വേണ്ട രൂപത്തിൽ ആയിട്ടില്ല. പുലിമുട്ടുകൾ സ്ഥാപിച്ച് കടൽ ഭിത്തി സംരക്ഷിക്കാനാവശ്യമായ

നടപടികളുണ്ടാകണം. വടകര മണ്ഡലത്തിന്റെ വടക്കുഭാഗത്ത് മാഹിപ്പുഴയുടെ അഴിമുഖവും തെക്കുഭാഗത്ത് മൂരാടുപുഴയുടെ അഴിമുഖ വുമുണ്ട്. ചോമ്പാൽ ഹാർബറിൽ പുലിമുട്ട് സ്ഥാപിച്ചാൽ ശക്തമായ കടലാക്രമണം തടയാനും കുറച്ചുകൂടി കരഭാഗം ഉണ്ടാകാനും ഇടയാകും. മൂരാട് വടക്കുഭാഗത്ത് കൊയിലാണ്ടി അഴിമുഖവും അതുപോലെ തന്നെ തെക്കുഭാഗത്ത് എലത്തൂർ പുഴയും, രണ്ട് പുഴകളുടെ അഴിമുഖത്തിന്റെ നടു വിലാണ് വടകര അസംബ്ലി മണ്ഡലവും കൊയിലാണ്ടി അസംബ്ലി മണ്ഡലവും സ്ഥിതി ചെയ്യുന്നത്. പുലിമുട്ട് ഉണ്ടാക്കുന്നതുകൊണ്ട് വല്ല തകരാറും ഉണ്ടാകുമെങ്കിൽ ഈ പുഴയുടെ അഴിമുഖം ഉണ്ടാകുന്നതുകൊണ്ട് ആ അഴിമുഖങ്ങളിലൂടെ അമിതമായ വെള്ളം പോകാൻ സാധ്യതയുണ്ട്. അതു കൊണ്ട് ശ്രദ്ധിച്ചു പുലിമുട്ടുകളണ്ടാക്കിയാൽ അത് വളരെ ഉപകാരപ്രദമാണ് എന്നുതോന്നുന്നു. മണലൊലിപ്പുതടയാൻ വനം വകുപ്പുമായി ബന്ധപ്പെട്ട് കടലോരത്ത് കണ്ടൽക്കാടുകളും മറ്റ് അനുബന്ധ മരങ്ങളും, വടകര മണ്ഡല ത്തിന്റെ തന്നെ ചില ഭാഗത്ത് സ്ഥാപിച്ചതിന്റെ ഭാഗമായി രൂക്ഷമായ കടൽ ക്ഷോഭമുണ്ടായിട്ടും ചെറിയ ചില മരങ്ങളുണ്ടായതിന്റെ പേരിൽ അവിടെ മണലൊലിപ്പില്ലാതെ തടഞ്ഞുനിർത്തുന്നത് കാണാൻ സാധിച്ചു. അത് ജലസേചന വകുപ്പും അതുപോലെ ഫോറസ്റ്റ് വകുപ്പും സംയുക്തമായി പരിശോധിച്ച് ഉപകാരപ്രദമാണെങ്കിൽ സർക്കാരിന് വളരെയേറെ ലാഭം ഉണ്ടാക്കാൻ കഴിയും. അതുപോലെ രൂക്ഷമായ കടലാക്രമണം ഉണ്ടാകുമ്പോൾ രണ്ടാഴ്ചയോ ഒരുമാസമോ കടലോരത്തുനിന്ന് ആളുകളെ മാറ്റിപ്പാർപ്പിക്കാനാണ് എം.എൽ.എ.മാരും ഉദ്യോഗസ്ഥന്മാരും പഞ്ചായത്ത് പ്രസിഡന്റുമാരും ശ്രമിക്കുന്നത്. പക്ഷേ കടലോരത്തുള്ള മൽസ്യ ത്തൊഴിലാളി കുടുംബങ്ങളെ കുറച്ചു പിന്നിൽ, അവർക്ക് നോക്കിയാൽ കടൽ

കാണാവുന്ന ദൂരത്ത് മാറ്റി താമസിപ്പിക്കാൻ ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പും ജലസേചന വകുപ്പും സംയുക്തമായി ആലോചിച്ച് ഫ്ളാറ്റ് എടുത്തു കൊടുക്കാനാവശ്യമായ നടപടി സ്വീകരിച്ചാൽ കടലോരം സംരക്ഷിക്കാൻ സാധിക്കും. അതുപോലെ തന്നെ തീരദേശ റോഡും സംരക്ഷിക്കാൻ സാധിക്കും. അതിന് നമ്മൾ സന്നദ്ധരാകുന്നില്ലെങ്കിൽ, വീടില്ലാത്ത മത്സ്യ ത്തൊഴിലാളികൾ കൂടുതൽ കടലിനടുത്തേക്ക് വരും. അതിന് ചെറിയ ഫ്ളാറ്റു കളെടുത്ത് മത്സ്യത്തൊഴിലാളികളെ മാറ്റിത്താമസിപ്പിക്കാൻ സാധിക്കണം. ഒരുപക്ഷേ അത് ഒരു ദീർഘദൂര പദ്ധതിയായിരിക്കാം. അതിനെക്കുറിച്ച് ആലോചിക്കേണ്ടതാണ്. ജില്ലാപഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും എം.എൽ.എ.മാരും സർക്കാരും എല്ലാം കോടിക്കണക്കിന് രൂപ ചെല വാക്കുന്നു. ഇതെല്ലാം ചെയ്തിട്ടും കടലോരജനതയെ സംരക്ഷിക്കാൻ നമുക്ക് സാധിക്കുന്നില്ല. അതിനെ സംബന്ധിച്ച് വിപുലമായ അന്വേഷണം വേണം. ചോമ്പാൽ ഹാർബർ വന്നതിനുശേഷം ഹാർബറിന്റെ വടക്കുഭാഗം മണൽത്തട്ടും മരങ്ങളുംകൊണ്ട് മനോഹരമായി. ഒരു വലിയ സുഖവാസ കേന്ദ്രമെന്ന നിലയിൽ ആളുകൾക്ക് വരാൻ സാധിക്കുന്ന ഒരു മേഖലയായി അവിടെ ഡെവലപ്പ് ചെയ്തുവരുന്നുണ്ട്. വടകര ഭാഗത്തൊക്കെ ഇന്നുണ്ടാ യിരുന്നതിനേക്കാൾ കടലുണ്ടായിരുന്നു. കൂടുതൽ മണലും നിറഞ്ഞിരുന്നു. വൈകുന്നേരമായാൽ ആളുകൾ കുടുംബസമേതം കടൽത്തീരത്ത് ഇരിക്കുമാ യിരുന്നു. അതിപ്പോൾ ഇല്ല. കുറച്ചു ദിവസങ്ങൾക്കുമുമ്പ് വടകരയിലെ കടലോരത്തുള്ള സ്ത്രീകളടക്കം കുടുംബസമേതംവന്ന് നാഷണൽ ഹൈവേ തടഞ്ഞു. ബഹുമാനപ്പെട്ട മന്ത്രിയുമായി സംസാരിച്ചയവസരത്തിൽ അതിനു വേണ്ട താൽക്കാലികമായ പരിഹാരം രണ്ടുദിവസം കൊണ്ടുണ്ടാക്കാമെന്ന ഉറപ്പിന്മേൽ അവരെ മാറ്റാൻ സാധിച്ചു. ശ്രീ. കെ. ദാസനും ഞാനും

ബഹുമാനപ്പെട്ട മന്ത്രിയെ കണ്ടു സംസാരിച്ചതിനെത്തുടർന്ന് ഇപ്പോൾ ആ രണ്ടു മണ്ഡലങ്ങളിലും താൽക്കാലികമായി തീരപ്രദേശം സംരക്ഷിക്കാനാവശ്യമായ നടപടികൾക്ക് നിർദ്ദേശം നൽകി. ഇത് താൽക്കാലികം മാത്രമാണ്. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് പുലിമുട്ടിനെക്കുറിച്ച് ഗൗരവമായി ആലോചിക്കണം എന്നാണ്. മലബാർ ഭാഗത്ത് പുലിമുട്ട് കുറവാണ്. അതുകൊണ്ട് വടകരയിലും കൊയിലാണ്ടി മണ്ഡലത്തിലും പുലിമുട്ടുണ്ടാക്കി മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കാനും അതുപോലെത്തന്നെ പുലിമുട്ടും കടൽഭിത്തി നിർമ്മിക്കാനും ഡിപ്പാർട്ടുമെന്റ് ചെലവഴിക്കുന്ന പൈസ ഒരു പത്തുകൊല്ലത്തിന്റെ കണക്ക് നോക്കുമ്പോൾ ഗവൺമെന്റിന് ലാഭമായിരിക്കും എന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ഇത് പരിഗണിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, വടകര താലൂക്കിലെ കടലോരപഞ്ചായത്തുകളായ ഒഞ്ചിയം, അഴിയൂർ, ചോറോട് എന്നിവിടങ്ങളിലെയും വടകര മുനിസിപ്പാലിറ്റിയിലെയും കടൽഭിത്തി രൂക്ഷമായ കടലാക്രമണത്തിൽ തകർന്നുകൊണ്ടിരിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലുള്ള കടൽഭിത്തി കൊണ്ടുമാത്രം തീരപ്രദേശം സംരക്ഷിക്കാൻ സാധ്യമല്ലാത്ത സ്ഥിതിയാണ്. അടിയന്തര നടപടി എന്ന നിലയിൽ ഏറ്റവും കൂടുതൽ നാശനഷ്ടങ്ങൾ സംഭവിച്ച് വീടുകൾക്കും റോഡുകൾക്കും ഭീഷണിയായിട്ടുള്ളതുമായ സ്ഥലങ്ങളിൽ താൽക്കാലിക സംരക്ഷണ പ്രവൃത്തികൾ തുടങ്ങിക്കഴിഞ്ഞു. ഹാർബറിനോടനുബന്ധിച്ച് പുലിമുട്ടുകൾ നിർമ്മിക്കുന്ന തീരമേഖലകളിൽ ശക്തമായ കരയെടുക്കൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് നിർമ്മിച്ച

പുലിമുട്ടുകളുടെ സമീപത്തുള്ള പ്രദേശങ്ങളിൽ ചെറിയ പുലിമുട്ടുകളുടെ നിർമ്മാണം ഫലപ്രദമാണെന്ന് മനസ്സിലാക്കുന്നു. ആയതുകൊണ്ട് തകർന്നു കിടന്ന ഭിത്തികൾ എത്രയുംപെട്ടെന്ന് ആവശ്യമായ പുലിമുട്ടുകളോടുകൂടി പുനരുദ്ധാരണം നടത്തി ജനസാന്ദ്രമായ തീരമേഖലയെ കടലാക്രമണത്തിൽ നിന്ന് എത്രയുംപെട്ടെന്ന് രക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. എന്നാൽ ഇത്തരം നിർമ്മാണങ്ങൾ ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ നടത്തേണ്ടത് അനിവാര്യമാണ്. വടകര മുനിസിപ്പാലിറ്റിയിലെ ആനാട് ജുമാ മസ്ജിദിന് സമീപം 12 ലക്ഷം രൂപയു ടെയും കാരിക്കൽ കുര്യാടിയിൽ 15 ലക്ഷം രൂപയുടെയും ചോറോട് പഞ്ചായത്തിലെ കുര്യാടിയിൽ 15 ലക്ഷം രൂപയുടെയും പ്രവർത്തികൾ നടന്നുവരുന്നു. കോഴിക്കോട് ജില്ലയിലെ തീരമേഖലയിൽ അടിയന്തര കടലാക്രമണ നിരോധന പ്രവർത്തനങ്ങൾക്കായി സർക്കാർ ഒരുകോടിരൂപ അനുവദിച്ചിട്ടുണ്ട്. അതനുസരിച്ച് വടകര താലൂക്കിൽ ഏകദേശം 41.3 ലക്ഷം രൂപയുടെ അടിയന്തര പ്രവൃത്തികൾ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കണ്ടൽക്കാടുകൾ ഹാർബർ പ്രദേശത്ത് ഫലപ്രദമാണ് എന്ന് ശ്രീ. സി.കെ. നാണു പറയുകയുണ്ടായി. അക്കാര്യത്തെ സംബന്ധിച്ച് പ്രത്യേകമായി ആലോചിക്കുന്നതാണ്. കടലാക്രമണം തടയുന്നതിനുള്ള താൽക്കാലിക നടപടികളാണ് ഇപ്പോൾ ഉണ്ടായിട്ടുള്ളത്. മറ്റു കാര്യങ്ങളെ സംബന്ധിച്ച് വിശദമായ ഒരു റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രഗവൺമെന്റിന് സമർപ്പിക്കുന്നതാണ്.

ശ്രീ. സി.കെ. നാണു: സർ, ഇത് മഴക്കാലമാണ്. ബഹുമാനപ്പെട്ട മന്ത്രി വനം വകുപ്പുമന്ത്രിയും ഉദ്യോഗസ്ഥരുമായും ഫിഷറീസ് വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ട് ഡിപ്പാർട്ടുമെന്റുകൾ പരിശോധിച്ചാൽ മഴക്കാലത്തുതന്നെ ആവശ്യമായ കണ്ടൽക്കാട് ചെടികളും ഇപ്പോൾ പിടിച്ചുനിൽക്കുന്നതുപോലെ ചെറിയ മരങ്ങളും വച്ചുപിടിപ്പിക്കാൻ സാധിക്കും. രണ്ടാമത്, ഞാൻ ഈ നിയമസഭയിൽ വന്ന വർഷം തുടങ്ങി പുലിമുട്ട് സംബന്ധിച്ച് പരിശോധിക്കാമെന്നുള്ളത് കേൾക്കുകയാണ്. അന്ന് ടി. എം. ജേക്കബ്ബ് ആയിരുന്നു വകുപ്പുമന്ത്രി. അതിനെക്കുറിച്ച് പറഞ്ഞപ്പോൾ അത് പരിശോധിക്കാമെന്ന് പറഞ്ഞെങ്കിലും ഒന്നും ചെയ്തില്ല. തിരു-കൊച്ചി ഭാഗത്ത് സാമാന്യം നല്ലനിലയിൽ പുലിമുട്ടുകൾ വന്നു. ശ്രീ. ജി. സുധാകരൻ ഇന്നലെ സംസാരിച്ച അവസരത്തിൽ ആലപ്പുഴയിലും ഭീതിജനകമായ അന്തരീക്ഷം ഉണ്ടെന്നു പറഞ്ഞു. വടകരയ്ക്കും കൊയിലാണ്ടിക്കും അഴിമുഖമുണ്ട്. ഈ അഴിമുഖത്തിന്റെ നടുവിൽ ആവശ്യത്തിന് പുലിമുട്ടുകൾ സ്ഥാപിച്ചാൽ വെള്ളത്തിന്റെ സമ്മർദ്ദം കരയിലേക്ക് ഉണ്ടാകില്ല, പകരം അത് അഴിമുഖത്തേയ്ക്ക് പോകും. അതുകൊണ്ട് ഇവിടെ വരുന്ന മഴയ്ക്കുമുമ്പുതന്നെ അടിയന്തരമായി ഇത് നടപ്പിലാക്കാനുള്ള നടപടിയുണ്ടാകണം. അതിനെ സംബന്ധിച്ച് കടലാസുപണികളും പ്രവർത്തനങ്ങളും കഴിയുന്നതുംവേഗം ബഹുമാനപ്പെട്ട മന്ത്രി ആരംഭിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. ജെ. ജോസഫ്: സർ, കണ്ടൽക്കാടുകളുടെ കാര്യം പ്രത്യേകം ആലോചിക്കുന്നതാണ്. പുലിമുട്ടുകൾ നിർമ്മിക്കുന്നത് ഐ.ഐ.ടി.യുടെ പഠനത്തിന്റെയടിസ്ഥാനത്തിലാണ്. വടകര പ്രദേശത്തുകൂടി അടിയന്തരമായി പഠനം നടത്തുന്നതിന് പ്രത്യേകമായ നിർദ്ദേശം നൽകുന്നതാണ്.